<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3682 — 20.06.2018 ൽ മറുപടിയ്ക്ക്

<u>സപ്ലൈകോ പുതിയ ലാഭം മാർക്കറ്റുകൾ ആരംഭിക്കാൻ നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വില വർദ്ധനവില്ലാതെ ഏതെല്ലാം ഉൽപ്പന്നങ്ങളാണ് സപ്ലൈകോ മാർക്കറ്റ വഴിയും മാവേലി സ്റ്റോറുകൾ വഴിയും വിതരണം ചെയ്യുന്നതെന്ന് വിശദമാക്കുമോ; | (എ) ചെറുപയർ, ഉഴുന്ന് ബോൾ, വൻകടല, വൻപയർ, തുവര പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, വെളിച്ചെണ്ണ, ജയ അരി, കുറുവ അരി, പച്ചരി, മട്ട അരി, ആന്ധ്ര ഇതര ജയ അരി തുടങ്ങിയ ഉൽപ്പന്നങ്ങളാണ് സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി വില വർദ്ധനവ് ഇല്ലാതെ വിതരണം ചെയ്യുന്നത്. |
| (ബി) സംസ്ഥാനത്ത് പുതിയ മാവേലി സ്റ്റോറുകളും സപ്ലൈകോ ലാഭം മാർക്കറ്റുകളും ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ബി) ഉണ്ട്. സാധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്കും പുതിയ സപ്ലൈകോ ഔട്ട് ലെറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**